# പതിനാലാം കേരള നിയമസഭ

# പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.185

02.03.2020 ൽ മറുപടിയ്ക്ക്

## കണ്ടെയ്നർ ലോറികളുടെ പാർക്കിംഗ്

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | വൈപ്പിൻ ഗോശ്രീപ്പാലത്തിലും അപ്രോച്ച് റോഡുകളിലും കണ്ടെയ്നർ റോഡിലും അനധികൃതമായി കണ്ടെയ്നർ ലോറികൾ പാർക്ക് ചെയ്യുന്നതുമൂലം ഗതാഗത-ക്കുരുക്കും അപകടമരണങ്ങളും പതിവായിരിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | കണ്ടെയ്നർ ലോറികൾ, കണ്ടെയ്നർ റോഡിൽ അനധികൃത പാർക്കിംഗ് മൂലം നിരവധി അപകടങ്ങളും അതു മൂലം ജീവഹാനി സംഭവിക്കുന്നതിന്റെയും അടിസ്ഥാനത്തിൽ, ബഹു.ഹൈക്കോടതി WPC 14668/2016, WPC 26948/2019 നമ്പർ പ്രകാരം സുവോമോട്ടോ കേസുകൾ സ്വീകരിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ പ്രസ്തുത റോഡിൽ പാർക്കിംഗ് നിരോധിച്ച കൊണ്ട് 03.07.2017 ൽ ഉത്തരവായിട്ടുള്ളതാണ്. കൂടാതെ 31.12.2019 ൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന വീഡിയോ കോൺഫറൻസിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത റോഡിൽ പാർക്കിംഗ് ചെയ്യുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർ 15/01/2020-ൽ പ്രത്യേകം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.<br>പ്രസ്തുത റോഡിൽ അനധികൃത പാർക്കിംഗ് നടത്തുന്നവർക്കെതിരെയും ഇപ്രകാരം ഗതാഗത തടസ്സമുണ്ടാക്കുന്നവർക്കെതിരെയും, 283 ഐ.പി.സി, 122 r/w 177, MV Act 15(2) r/w 177 MV Act എന്നിവ പ്രകാരം പെറ്റി കേസുകൾ രജിസ്റ്റർ ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. കൂടാതെ രാത്രികാലങ്ങളിൽ റോഡും, മീഡിയനുകളും വ്യക്തമായി കാണുന്നതിന് റോഡരികിൽ വൈറ്റ് മാർക്കിംഗുകളും, ആവശ്യമായ സ്ഥലങ്ങളിൽ റിഫ്ലക്റ്ററുകളും, സ്ട്രീറ്റ് |

| | | | |
|---|---|---|---|
| | | | ലൈറ്റുകളും സ്ഥാപിക്കുന്നതിനായി ജില്ലാകളക്ടർക്കും, നോ പാർക്കിംഗ് ബോർഡുകളും, സുരക്ഷാവേലികളും സ്ഥാപിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റിക്കും പോലീസ് വകുപ്പ് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (ബി) | 2016 മുതൽ നാളിതുവരെ പ്രസ്തുത പാതകളിൽ കണ്ടെയ്നർ ലോറിയുമായി കൂട്ടിയിടിച്ച് എത്ര അപകടങ്ങൾ ഉണ്ടായെന്നും എത്രപേർക്ക് ജീവഹാനി സംഭവിച്ചുവെന്നും വ്യക്തമാക്കാമോ; | (ബി) | (പട്ടിക താഴെ) |
| (സി) | കണ്ടെയ്നർ ലോറികളുടെ പാർക്കിംഗിന് സൗകര്യം ഒരുക്കേണ്ടതിന്റെ ഉത്തര-വാദിത്തം ആർക്കാണെന്ന് വ്യക്തമാക്കാമോ? | (സി) | കണ്ടെയ്നർ ലോറികൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തേണ്ട ഉത്തരവാദിത്തം കൊച്ചി പോർട്ട് ട്രസ്റ്റിനും ഡി.പി വേൾഡിനുമാണ്. ആയതിന് സംജാതമാകുന്ന സാങ്കേതിക തടസങ്ങൾ നീക്കുന്നതിനുള്ള നടപടികൾ ജില്ല ഭരണകൂടം സ്വീകരിക്കുന്നതാണ്. കൂടാതെ പോർട്ട് ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് താൽകാലികമായ, പാർക്കിംഗ് ഫീസ് നൽകി സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി ജില്ലാ ഭരണകൂടം സ്വീകരിച്ചിട്ടുള്ളതാണ്. ആയത് 31.05.2020 വരെ അനുവദിച്ച് നൽകുവാൻ കൊച്ചി പോർട്ട് ട്രസ്റ്റിനോട് ജില്ലാ ഭരണകൂടം ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. |

| വർഷം | കണ്ടെയ്നർ ലോറികളുടെ അനധികൃത പാർക്കിംഗ് മൂലം ഉണ്ടായിട്ടുള്ള അപകടങ്ങളുടെ എണ്ണം | ടി അപകടങ്ങളിൽ ഉണ്ടായിട്ടുള്ള മരണം |
|---|---|---|
| 2016 | 01 | ഇല്ല |
| 2017 | 02 | 01 |
| 2018 | 02 | 02 |
| 2019 | ഇല്ല | ഇല്ല |
| 2020 ( Up to 25.02.2020) | 01 | 01 |
| **ആകെ** | **06** | **04** |

**സെക്ഷൻ ഓഫീസർ**